# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 27, വൈകുന്നേരം 4.00 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 39 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ കാസർഗോഡ് ജില്ലയിൽ 34 പേർക്കും, കണ്ണൂർ ജില്ലയിൽ നിന്ന് 2 പേർക്കും, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് ജില്ലകളിൽ നിന്ന് ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. രോഗം സ്ഥിരീകരിച്ച 164 പേർ നിലവിൽ ആശുപത്രിക ളിൽ ചികിത്സയിലാണ്. ഇന്ന് 199 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെ ട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 110299 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 109683 പേർ വീടുകളിലും 616 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 5679 സാമ്പിളുകൾ പരി ശോധിച്ചതിൽ 4448 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്ര ട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കേരളത്തിൽ 09 പരിശോധനാ കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ആരംഭിച്ചെന്നും അവി ടങ്ങളിൽ 18 പി സി ആർ മെഷിനുകൾ പ്രവർത്തിക്കുന്നതായി പ്രതിദിനം 1640 ഉം സാമ്പി ളുകൾ വരെ ടെസ്റ്റ് ചെയ്യാമെന്നും അിറയിച്ചു. കൂടാതെ പുതിയ 14 മെഷീനുകൾ വാങ്ങു ന്നതിനായി ഓർഡർ നൽകിയതായി അറിയിച്ചു. ഗവൺമെന്റ് മെഡിക്കൽ കോളേജുക ളിലെ 4917 കിടക്കകളും 502 ഐ സി യു കിടക്കകളും 338 വെന്റിലേറ്ററുകളും സജ്ജമാ ണെന്ന് അദ്ദേഹം അിറയിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജും കോവിഡ് ആശുപത്രി ആക്കുന്നതിനായും ഒരു മാർഗ്ഗ രേഖ തയ്യാറാക്കിയതായും അതു മറ്റു കോവിഡ് ആശുപത്രികൾ മാതൃകയാക്കാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ ഡയാലിസിസ് ആവശ്യമായ ആൾക്കാരുടെ ജില്ല തിരിച്ചുള്ള കണക്കും കേരളത്തിൽ ലഭ്യമായ ഡയാലിസിസ് മെഷീനുകളുടെ ജില്ല തിരിച്ചുള്ള കണക്കും അദ്ദേഹം അിറയിച്ചു. അവശ്യ മരുന്നുകളുടെ ജില്ല തിരിച്ചുള്ള കണക്കും അദ്ദേഹം അറി യിച്ചു. കേരളത്തിലെ കോവിഡ് രോഗത്തിന്റെ ഒരു വിശകലനവും നടത്തി. രോഗം പ്രതി രോധിക്കുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ഒരു വിശകലനവും നടത്തി.

## പ്ലാനിംഗ് ബോർഡ് മെമ്പർ - ഡോ.ബി.ഇക്ബാൽ

ക്യൂബൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഇന്റർഫെറോൺ എന്ന മരുന്ന് കേരളത്തിൽ പ്രയോജനപ്പെടുത്താമോ എന്നും ഗുരുതരാ അവസ്ഥ ഇതു ഗുണം ചെയ്തേക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകാരോഗ്യ സംഘടനയുടെ സോളിഡാരിറ്റി ട്രയലിനെക്കുറിച്ചും ശ്രീ ചിത്ര നടത്തുന്ന കൺവാലസെന്റ് സിറം സാങ്കേതിക വിദ്യയെക്കുറിച്ചും ഇദ്ദേഹം വിശകലനം നടത്തി. കേരളത്തിൽ ഇപ്പോൾ ഒരു എപ്പിഡമോളജിക്കൽ പഠനം നടത്തുന്നതിനെക്കുറിച്ചും അഭിപ്രായപ്പെട്ടു.

## പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാനത്ത് ആകെ 22524 ഉം മുറികൾ കോവിഡ് രോഗബാധ സംശയിക്കുന്നവരും പാർപ്പിക്കുന്നതായി കണ്ടത്തിയതായും ഇതിൽ 18837 മുറികൾ ഇപ്പോൾ തന്നെ വാസയോഗ്യമാണെന്നും അറിയിച്ചു.

## ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ 2 പി സി ആർ മെഷിനുകൾ ലഭ്യമാണെന്നും എന്നാൽ ഇതിനു ആവശ്യമായ ആർ എൻ എ എക്സ്ട്രാറ്റ് മെഷിൻ അവിടെ ലഭ്യമല്ല. ഇതുകൂടെ ലഭ്യമായാൽ മാത്രമെ അവിടെ ടെസ്റ്റിംഗ് ആരംഭിക്കാൻ സാധിക്കു എന്നും അറിയിച്ചു. ഐ സി എം ആർ റാപ്പിഡ് ടെസ്റ്റ് കിറ്റുകൾക്ക് അംഗീകാരം നൽകിയതായും കേരളത്തിനാവശ്യമായ കിറ്റുകൾ സൗജന്യമായി നൽകാമെന്ന് ഒരു റാപ്പിഡ് ടെസ്റ്റ് ഉൽപാദകൻ അിറയിച്ചിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു.

കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിലേക്ക് മറ്റു സ്ഥലങ്ങളിൽ നിന്നും ആർ എൻ എ എക്സ്ട്രാറ്റ് മെഷിനുകൾ എത്തിച്ചു കൊടുക്കുന്നതുവഴി കാസർഗോഡ് ജില്ലയിൽ തന്നെ ടെസ്റ്റിംഗ് സൗകര്യം ഒരുക്കാം എന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അിറയിച്ചു.

## ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റ് ഡേറ്റാ മാനേജ്മെന്റിനുള്ള എല്ലാ സജ്ജീകരണങ്ങളും ഇന്നു വൈകിട്ടോടെ തയ്യാറാകും എന്നും ഒരു മാതൃകാ പഠനം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയതായും അിറയിച്ചു. സംസ്ഥാനത്ത് ആവശ്യമായ അവശ്യസാധനങ്ങളുടെ കണക്ക് നാളെയോടെ തയ്യാറാകും എന്നും ഇത് അനുസരിച്ച് ചരക്കു വാഹനങ്ങൾ അയക്കാമെന്നും അറിയിച്ചു. കർണ്ണാടകയിൽ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കൊടുക്കേണ്ട എന്ന് അവിടുത്തെ മുഖ്യമന്ത്രി അഭിപ്രായപ്പെട്ടിട്ടുള്ളതായി അദ്ദേഹം അറിയിച്ചു. നിരോധനം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

സംസ്ഥാനത്ത് ആകെ 6782 അതിഥി തൊഴിലാളികൾക്ക് ഭക്ഷണം എത്തിച്ചു കൊടുത്ത തായും 7717 പേർക്ക് വൈദ്യപരിശോധന നൽകിയതായും അറിയിച്ചു. 576 ക്യാമ്പുകൾ വൃത്തിയാക്കി. 66 ക്യാമ്പുകളിലെ അതിഥി തൊഴിലാളികളെ മാറ്റി പാർപ്പിച്ചതും അറിയിച്ചു. കമ്മ്യൂണിറ്റി വോളന്റിയർമാരുടെ രജിസ്ട്രേഷൻ നല്ല രീതിയിൽ നടക്കുന്നതായും എന്നാൽ സൈറ്റ് പ്രവർത്തിക്കാതിരുന്നതുമൂലം വിഷമം അനുഭവിച്ചതായും അറിയിച്ചു.

- നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് അനുഭവപ്പെടുന്നു ഇതു തടയുന്നതിനായി ഫലപ്രദമായ ഇടപെടൽ ആവശ്യമാണ്.
- തൃശ്ശൂർ മോഡൽ ഗവൺമെന്റ് ഹൈസ്കൂളിൽ താമസിക്കുന്നവരിൽ പലവിധ അസുഖങ്ങൾ ഉള്ളതായി അറിവായിട്ടുണ്ട്. ഇത് പരിശോധിച്ച് വേണ്ട കാര്യങ്ങൾ നടത്തേണ്ടതുണ്ട്.
- സർക്കാർ അനുമതിയോടു കൂടി അല്ലാതെ സന്നദ്ധ പ്രവർത്തനം നടത്തുന്നത് തടയണം.
- എൻ ഡി എഫ് സി സ്വകാര്യ പലിശ പണം ഇടപാടുകാർ, ചിട്ടി ഫണ്ടുകാർ തുടങ്ങിയവർ പലവിധ പിരിവുകളും ലോണുകൾ തിരിച്ച് അടപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതു വരെ എല്ലാ വിധ ലോണുകളും തിരിച്ചടക്കുന്നത് താത്ക്കാലികമായി നിർത്തി വയ്ക്കുന്നത് ആലോചിക്കാം എന്ന് അദ്ദേഹം അറിയിച്ചു. എന്നാൽ കേന്ദ്ര സർക്കാർ 3 മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതായി ചീഫ് സെക്രട്ടറി അിറയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കേസ്സുകൾ വർദ്ധിക്കുന്നത് ആശങ്ക വർദ്ധിപ്പിക്കുന്നു. ചില വികസിത രാഷ്ട്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് ആശ്വസിക്കാൻ വകയുണ്ട്. എങ്കിലും കൂടുതൽ ജാഗ്രത പുലർത്തണം. ഇപ്പോൾ രോഗം സ്ഥിരീകരിക്കപ്പെടുന്നവർ രോഗവാഹകരായി ഇതുന്ന അവസരത്തിൽ രോഗവ്യാപനം നടത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആയതിനാൽ രോഗം സ്ഥിരീകരിച്ചവരുമായി സമ്പർക്കം പുലർത്തിയവരെ എത്രയും വേഗം കണ്ടെത്തി നിരീക്ഷണത്തിൽ ആക്കേണ്ടതാണ് **(ചുമതല - ആരോഗ്യ വകുപ്പ്)**
2. ഏതൊരു മോശം സാഹചര്യത്തെയും നേരിടാൻ നമുക്ക് കഴിയണം. കാസർഗോഡ് ജില്ലയിൽ കേസ്സുകൾ കൂടുതലാണ്. എന്നാൽ അവിടെയുള്ള ആശുപത്രികളിൽ സൗകര്യങ്ങൾ താരതമ്യേന കുറവാണ്. അതിനാൽ താത്ക്കാലിക ആശുപത്രികൾ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ വഴിയോ, സായുധ സേനാ വിഭാഗം വഴിയോ തയ്യാറാക്കുന്നത് ആലോചിക്കേണ്ടിവരും. മാത്രമല്ല കാസർഗോഡ് മെഡിക്കൽ കോളെജ് ഉപയോഗയോഗ്യമാക്കാനാകുമോ എന്ന് എത്രയും വേഗം പരിശോധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, റവന്യൂവകുപ്പ്)**

3. കാസർഗോഡ് ജില്ലയിലെ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ഇപ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.  അവർക്ക് മംഗലാപുരം പോകാനാകുന്നില്ല. മാത്രമല്ല കണ്ണൂർ ജില്ലയ്ക്ക് അവരുടെ ആവശ്യം നിറവേറ്റാനും ആകുന്നില്ല ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണണം **(ചുമതല - ആരോഗ്യ വകുപ്പ്)**
4. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ എത്രയും വേഗം ഐ സി എം ആർ അനുമതി വാങ്ങി പരിശോധന തുടങ്ങാനാകണം. അതുമായി ബന്ധപ്പെട്ട നടപടികൾ സത്വരമായി സ്വീകരിക്കണം. **(ചുമതല– ആരോഗ്യ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്)**
5. വിദഗ്ധ സമിതി ശുപാർശ ചെയ്തതുപോലെ ക്യൂബയിൽ നിന്നുള്ള ഇന്റർഫെറോൺ മരുന്ന് രോഗം മൂർച്ഛിച്ച രോഗികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അനുമതി കേന്ദ്ര ഡ്രഗ്സ് കൺട്രോളറിൽ നിന്ന് നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യവകുപ്പ്, വിദഗ്ധ സമിതി)**
6. എൻ 95 മാസ്കുകൾ ആശുപത്രകൾക്ക് മാത്രമെ ഉപയോഗിക്കാനുള്ള അനുമതിയുള്ളൂ. അത് മെഡിക്കൽ സ്റ്റോറുകൾ വഴി വില്പന നടത്താൻ പാടുള്ളതല്ല **(ചുമതല  ആരോഗ്യ വകുപ്പ്, ജില്ലാ കളക്ടർമാർ )**
7. വേഗപരിശോധനയ്ക്കുവേണ്ട കാര്യങ്ങളെല്ലാംതന്നെ ചെയ്തുവയ്ക്കണം **(ചുമതല - ആരോഗ്യ വകുപ്പ്)**
8. എച്ച് ഐ വി യ്ക്കുള്ള മരുന്ന് സന്നദ്ധ പ്രവർത്തകർ വഴി താലൂക്ക് ആശുപത്രികളിൽ കൂടി വിതരണം ചെയ്യണം **(ചുമതല  ആരോഗ്യ വകുപ്പ്)**
9. പോലീസുകാർ പൊതുജന നിയന്ത്രണം നന്നായി നടത്തുന്നുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ വിവേചന ബുദ്ധി കാട്ടേണ്ടതാണ്. **(ചുമതല  - ആഭ്യന്തരവകുപ്പ്)**
10. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ നാം കുറച്ചുകൂടി ഊർജ്ജിതമായി ഇടപെടേണ്ടതുണ്ട്. അവർ ഇപ്പോൾ താമസിക്കുന്ന സ്ഥലങ്ങൾ മുഴുവൻസമയ വാസയോഗ്യമല്ലെങ്കിൽ അവരെ സ്കൂളുകളിൽ മാറ്റി പാർപ്പിക്കണം. അവിടെ അവർക്ക് ഭക്ഷണം പാകം ചെയ്യാനുള്ള സൗകര്യവും ഉണ്ടാകണം. പുത്തരിക്കണ്ടം മൈതാനിയിൽ താമസിക്കുന്നവരെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കണം **(ചുമതല  - ജില്ലാ കളക്ടർമാർ)**
11. ഭക്ഷ്യധാന്യ നിർമ്മാണം, സംസ്ക്കരണം എന്നിവയുടെ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കേണ്ടതാണെന്ന് കേന്ദ്രത്തിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ട്. അതിലാണ് തേയില, കാപ്പി എന്നിവ ഉൾപ്പെടുന്നത്. ഈ കാര്യങ്ങളിൽ കേന്ദ്രത്തിൽ നിന്ന് വ്യക്തത തേടേണ്ടതാണ്. **(ചുമതല  - ഭക്ഷ്യസുരക്ഷാ വകുപ്പ്)**
12. വീടുകളിൽ പച്ചക്കറി കൃഷി തുടങ്ങാനാവശ്യമായ വിത്തും വളവും കൃഷി വകുപ്പ് സന്നദ്ധ പ്രവർത്തകർ വഴി വീടുകളിൽ എത്തിക്കേണ്ടതാണ്.  **(ചുമതല കൃഷി വകുപ്പ് )**
13. സാമൂഹിക സന്നദ്ധ പ്രവർത്തകരുടെ സേവനം എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ് **(ചുമതല  - യുവജനക്ഷേമ വകുപ്പ്)**
14. ആരോഗ്യ വകുപ്പിലെ ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തേണ്ടതാണ് **(ചുമതല - ആരോഗ്യ വകുപ്പ്, പി എസ് സി)**
15. ബിസിനസ്സ് സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നതു മൂലം വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. ഇവർക്ക് വാടക കൊടുക്കുന്നത് ഒരു മാസത്തേക്ക് നീട്ടി കൊടുക്കാവുന്നതാണ്. **(ചുമതല  - തദ്ദേശസ്വയംഭരണം, വ്യവസായം, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ)**

16. ധാന്യങ്ങൾ പൊടിക്കുന്ന സ്ഥാപനങ്ങൾ അടച്ചാൽ വലിയ പ്രശ്നം ഉണ്ടായേക്കാം. അതുകൊണ്ട് ഇവരെ നിരോധനത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. **(ചുമതല – തദ്ദേശസ്വയംഭരണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ജില്ലാ കളക്ടർമാർ)**
17. പ്രായമായവർ മാത്രം താമസിക്കുന്ന സ്ഥലങ്ങളിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. **(ചുമതല – തദ്ദേശസ്വയംഭരണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ജില്ലാ കളക്ടർമാർ)**
18. ചൈനയിൽ നിന്നു വന്ന വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ചെന്നൈ വിമാനത്താവളത്തിൽ ക്ലിയറൻസ് ലഭിക്കാതെ കിടക്കുന്നു എന്ന് അറിഞ്ഞതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. എന്നാൽ ഇങ്ങനെ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും ടെസ്റ്റിംഗിനായി ചൈനയിൽ നിന്നു വന്ന റീയെജന്റ് ബാംഗ്ലൂർ വിമാനത്താവളത്തിൽ കെട്ടിക്കിടക്കുന്നുണ്ട് എന്നും ഇത് കേരളത്തിലേക്ക് എത്തിക്കാൻ ഉള്ള നടപടികൾ ആരംഭിച്ചതായും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. **(ചുമതല – ആരോഗ്യ വകുപ്പ്)**
19. കൂട്ടുപുഴയിൽ കർണ്ണാടക കേരള അതിർത്തിയിലേയ്ക്ക് കയറി ബാരിക്കേഡുകൾ സ്ഥാപിച്ചത് പരിശോധിക്കണം **(ചുമതല – ജില്ലാ കളക്ടർ കണ്ണൂർ)**
20. എൽ ജി കമ്പനി കൊറോണ ചികിത്സിക്കുന്ന ആശുപത്രികളിലേയ്ക്ക് ടി വി, വാട്ടർ പ്യൂരിഫൈയർ, ഫ്രിഡ്ജ്, എയർകൂളർ എന്നിവ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഇതിന്റെ പട്ടിക നൽകണം **(ചുമതല – ആരോഗ്യ വകുപ്പ്)**
21. ട്രിവാൻഡ്രം ജീപ്പേഴ്സ് ക്ലബ്ബ് വിവിധ സ്ഥലങ്ങളിലേയ്ക്ക് സാധനം എത്തിക്കാൻ വാഹനം നൽകാമെന്ന് അറിയിച്ചിട്ടുണ്ട് **(ചുമതല – ഗതാഗത വകുപ്പ്, ജില്ലാ കളക്ടർ തിരുവനന്തപുരം)**
22. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സാധനം കൊണ്ടുവരാൻ കോൺവോയ് സംവിധാനം ഉടൻ ആരംഭിക്കണം. **(ചുമതല ഭക്ഷ്യ വകുപ്പ് പൊതുഭരണ വകുപ്പ്)**
23. മദ്യം ലഭിക്കാത്തതിന്റെ പ്രശ്നം സമൂഹത്തിലുണ്ട്. ഇതിനായി വിമുക്തി സംവിധാനം ശക്തിപ്പെടുത്തണം. ഇതിന് വേണ്ട സ്ഥലം തരാമെന്ന് ക്രൈസ്തവ സഭ അറിയിച്ചിട്ടുണ്ട്. മദ്യം ഓൺലൈൻ ആയി നൽകുന്ന കാര്യം പരിശോധിക്കണം. **(ചുമതല – എക്സൈസ് വകുപ്പ്)**
24. തെരുവ് നായക്കൾക്ക് ഭക്ഷണം ലഭിക്കുന്നവെന്ന് ഉറപ്പാക്കണം **(ചുമതല – തദ്ദേശസ്വയംഭരണ വകുപ്പ്)**
25. സ്കൂളുകളിൽ കാവൽ ജീവനക്കാർ മാത്രമെ ഉള്ളൂ ഇപ്പോൾ. അതിനാൽ അവിടെയുള്ള ഉത്തരക്കടലാസ്സുകൾ ഒരു കേന്ദ്രത്തിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്ന കാര്യം വിദ്യഭ്യാസ വകുപ്പ് തീരുമാനിക്കണം **(ചുമതല – പൊതു വിദ്യാഭ്യാസ വകുപ്പ്)**
26. തിരുവനന്തപുരം ലൂലൂ മാളിലെ നിർമ്മാണ തൊഴിലാളികൾക്ക് ഭക്ഷണം കിട്ടുന്നില്ലായെന്ന പരാതിയുടെ നിജസ്ഥിതി പരിശോധിക്കണം **(ചുമതല – റവന്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)**
27. ശാസ്താംകോട്ട, തലക്കുളത്തൂർ തുടങ്ങിയ ക്ഷേത്രങ്ങളിലെ കുരങ്ങന്മാർക്ക് ഭക്ഷണം ക്ഷേത്ര അധികാരികൾ നൽകേണ്ടതാണ്. **(ചുമതല – ദേവസ്വം വകുപ്പ്)**
28. ഓട്ടോമൊബൈൽ വർക്സ് സംഘടന കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് പോകുന്ന വാഹനങ്ങളുടെ അറ്റകുറ്റപണികൾ സൗജന്യമായി ചെയ്തു തരാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല – ഗതാഗത വകുപ്പ്)**

29. കൊല്ലം സബ് കളക്ടറെ സസ്പെന്റ് ചെയ്യാൻ തീരുമാനിച്ചു. **(ചുമതല - പൊതു ഭരണ വകുപ്പ്)**
30. നവജാത ശിശുക്കൾക്കുള്ള വസ്ത്രം പോത്തീസ് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. **(ചുമതല - ജില്ലാ കളക്ടർമാർ)**
31. ഓട്ടോ-ടാക്സികൾ അമിത നിരക്ക് ഈടാക്കുവാൻ പാടുള്ളതല്ല. **(ചുമതല - മോട്ടോർ വാഹന വകുപ്പ്)**
32. പൊരി വെയിലത്ത് ജോലി ചെയ്യുന്ന പോലീസുകാർക്ക് കുടിവെള്ളം നൽകാനുള്ള സംവിധാനം അതാത് പ്രദേശത്തെ റസിഡന്റ്സ് അസ്സോസിയേഷനുകളോട് ആവശ്യപ്പെടാവുന്നതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്, തദ്ദേശ സയംഭരണ വകുപ്പ്)**

യോഗം വൈകിട്ട് 5.30 മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
4. ചീഫ് സെക്രട്ടറി
5. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. ഡി ജി പി
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
9. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
12. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. പ്ലാനിംഗ് ബോർഡ് മെമ്പർ
26. ഡി പി ഐ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ